പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3065 10.12.2018 ൽ മറുപടിക്ക്

## ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുകേഷ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| പൊതുമരാമത്ത് റോഡുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2013-ൽ രൂപീകരിച്ചിട്ടുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' ആണ് "പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" എന്ന സ്ഥാപനം. കേരളത്തിലങ്ങോളമിങ്ങോളം ആധുനിക രീതിയിൽ പി.പി.പി വ്യവസ്ഥയിൽ ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് അവയിലെ പരസ്യങ്ങളിലൂടെ കിട്ടുന്ന വരുമാനം കൊണ്ട് സ്വയം പര്യാപ്തതയിൽ എത്താനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. ഈ കമ്പനിയ്ക്ക് സർക്കാരിൽ നിന്നും ബഡ്ജറ്റ് മുഖേന യാതൊരു വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നില്ല. അത്തരത്തിൽ തിരുവനന്തപുരം, എറണാകുളം തുടങ്ങിയ പ്രധാന നഗരങ്ങളിൽ പി.പി.പി വ്യവസ്ഥയിൽ കമ്പനി ഏറ്റെടുത്ത് നിർമ്മിച്ച 84 ഷെൽട്ടറുകൾ ആണ് ഇപ്പോൾ കമ്പനിയുടെ പ്രധാന വരുമാന സ്രോതസ്സ്. കൂടാതെ എം.എൽ.എ, എം.പി ഫണ്ടുകൾ ഉപയോഗിച്ചും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ തുടർച്ച എന്നോണം കമ്പനിയുടെ പ്രവർത്തനങ്ങൾ |

വികസിപ്പിക്കുന്നതിന്റെ ഭാഗമായി, കേരളത്തിൽ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി കൊണ്ട് ആദ്യഘട്ടമെന്ന നിലയിൽ 500 ബസ് ഷെൽട്ടറുകൾ പി.പി.പി വ്യവസ്ഥയിൽ പുതുതായി നിർമ്മിക്കാൻ കമ്പനി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ **KIIFB** പോലുള്ള പദ്ധതികളിലൂടെ എസ്റ്റിമേറ്റിൽ ബസ് ഷെൽട്ടർ ഉൾപ്പെടുത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ